# അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025-26

# ഗവ :എൽ പി എസ്
# പരുത്തിക്കുഴി

# ഉള്ളടക്കം


1. ആമുഖം
2. ചരിത്രം
3. ലക്ഷ്യങ്ങൾ
4. സഹായം ലഭ്യമാക്കേണ്ട ഏജൻസി
5. പദ്ധതികൾ
6. പാഠ്യാനുബന്ധ പ്രവർത്തനങ്ങൾ
7. പ്രശ്നങ്ങൾ, വെല്ലുവിളികൾ
8. വാർഷിക പ്രവർത്തനങ്ങൾ
9. മലയാളം
10. ഇംഗ്ലീഷ്
11. പരിസരപഠനം
12. ഗണിതം
13. ഉപസംഹാരം

# ആമുഖം

വിദ്യാലയത്തിലെത്തിച്ചേരുന്ന ഓരോ കുട്ടിയുടേയും ഗുണമേന്മാ വിദ്യാഭ്യാസമെന്ന അവകാശം ഉറപ്പുവരുത്തുന്നതിനുള്ള കർമ്മപരിപാടികളും ,അവ സമയബന്ധിതമായി നടപ്പാക്കുമെന്ന ഉറപ്പുനൽകലും വിദ്യാലയത്തിന്റെ പ്രകടന പത്രികയാണ്. അക്കാദമിക മാസ്റ്റർ പ്ലാൻ,പോഷകാഹാരം, ലഹരിയിൽ നിന്നുള്ള വിമുക്തി, പാരിസ്ഥിതികാവബോധത്തിൽ ഊന്നിയുള്ള വികസന സങ്കൽപ്പം, ഹരിതനിയമാവലി അനുസരിച്ചുള്ള ജീവതക്രമം ചിട്ടപ്പെടുത്തൽ, കണ്ടെത്തൽ പഠനം, സഹവർത്തിത പഠനം, സർഗ്ഗാത്മക പോഷണത്തിനും കായിക മികവിനും, കായിക ക്ഷമത ഉറപ്പാക്കാനുള്ള കലാകായിക പഠനം, കമ്പ്യൂട്ടർ അധിഷ്ഠിത പഠനം എന്നിങ്ങനെ ബഹുമുഖവും വിപുലവുമായ പദ്ധതികളാണ് പൊതുവിദ്യാലയങ്ങളിൽ ഒരുങ്ങുന്നത്.ICT സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള പഠനം ഇന്ന് കുട്ടികൾക്ക് ലഭ്യമാണ്. മികച്ച ഭൗതിക സാഹചര്യങ്ങളും ഇന്ന് സ്കൂളിൽ നിലനിൽക്കുന്നു. ഈ മാസ്റ്റർ പ്ലാൻ പ്രവർത്തനങ്ങളിൽ സ്കൂളിന്റെ വളർച്ച ഉണ്ടാകും എന്ന് പ്രതീക്ഷിക്കുന്നു.

ആൽബിൻ എസ് സണ്ണി
SRG കൺവീനർ
GLPS Paruthikuzhy

# ചരിത്രം

ഉഴമലയ്ക്കൽ പഞ്ചായത്തിൽ കാഞ്ഞിരംപാറ എന്ന സ്ഥലത്ത് 60 വർഷങ്ങൾക്കു മുൻപ് കേരള ഹിന്ദു മിഷന്റെ ആഭിമുഖ്യത്തിൽ ശ്രീ. പത്മനാഭ പിള്ള 25 കുട്ടികളുമായി ഒരു കുടിപ്പള്ളിക്കൂടം തുടങ്ങി.

1946-ൽ കാഞ്ഞിരംപാറ എന്ന സ്ഥലത്ത് നിന്നും പരുത്തിക്കുഴി എന്ന സ്ഥലത്തേയ്ക്ക് മാറ്റുകയുണ്ടായി . പരുത്തിക്കുഴിയിൽ പ്രവർത്തനം ആരംഭിച്ചപ്പോൾ സ്കൂൾ സർക്കാർ ഏറ്റെടുത്തു. അന്ന് സ്കൂളിന്റെ പേര് ന്യൂ എൽ പി എസ് കാഞ്ഞിരംപാറ എന്നായിരുന്നു.

ആദ്യത്തെ വിദ്യാർത്ഥി എൻ ബാലകൃഷ്ണൻ ആയിരുന്നു. ശ്രീ. വാസുദേവപണിക്കർ നൽകിയ 50 സെന്റ് സ്ഥലത്തായിരുന്നു സ്കൂൾ പ്രവർത്തനം ആരംഭിച്ചത്. ആദ്യത്തെ ബാച്ചിൽ ഒന്നാം ക്ലാസിൽ 105 കുട്ടികൾ ഉണ്ടായിരുന്നു.സ്കൂൾ അന്ന് ഷിഫ്റ്റ് സമ്പ്രദായത്തിലാണ് പ്രവർത്തിച്ചിരുന്നത്.

2001 ൽ ഈ സ്കൂളിൽ പ്രീ പ്രൈമറി ആരംഭിച്ചു. 2011 ൽ ഇംഗ്ലീഷ്-മലയാളം മീഡിയം ക്ലാസുകൾ  തിരിച്ചു. അപ്പോൾ ധാരാളം കുട്ടികൾ വരികയും കുട്ടികളുടെ വരവ് ബുദ്ധിമുട്ട് ആയതിനാൽ ശ്രീമതി .പ്രേമ സുധ അവരുടെ വസ്തുവിറ്റ് സ്കൂളിന് ഒരു വാഹനം വാങ്ങിത്തന്നു.2018-19 വർഷത്തിൽ കെ. എസ് ശബരിനാഥ് എം.എൽ.എ യുടെ ആസ്തിവികസന ഫണ്ടിൽ നിന്നും അനുവദിച്ച 13 സീറ്റുള്ള സ്കൂൾ വാഹനം കുട്ടികൾക്കായി ഉപയോഗിച്ചു വരുന്നു.

# ലക്ഷ്യങ്ങൾ

- ഓരോ ക്ലാസുകളിലും ഓരോ വിഷയങ്ങളുമായി ബന്ധപ്പെട്ട് നേടേണ്ട മുഴുവൻ ശേഷികളും കുട്ടിക്ക് ലഭ്യമായെന്ന് ഉറപ്പാക്കുക.
- കുട്ടിയിലുമുള്ള കഴിവുകൾ കണ്ടെത്തുകയും അത് പരിപോഷിപ്പിക്കാനാവശ്യമായ അവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുക.
- കുട്ടിക്ക് മികവാർന്ന പഠനാന്തരീക്ഷവും ഭൗതിക സാഹചര്യങ്ങളും ഒരുക്കിക്കൊടുക്കുക.
- ഐ.സി.ടി അധിഷ്ഠിത പഠനത്തിനാവശ്യമായ ഭൗതിക സൗകര്യങ്ങളും അക്കാദമിക തയ്യാറെടുപ്പുകളും ഉറപ്പാക്കും.
- മുഴുവൻ ക്ലാസുകളിലും ഐസിടി സാധ്യത ഉറപ്പുവരുത്തുക.
- പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങൾക്കാവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഒരുക്കുക
- പഠനപിന്നോക്കാവസ്ഥ നേരിടുന്നവരെ കണ്ടെത്തി ക്ലാസുകളും പഠനതന്ത്രങ്ങളും ആവിഷ്കരിക്കുക.
- വിദ്യാലയം തന്നെ പാഠപുസ്തകം എന്ന രീതിയിലേക്ക് വിദ്യാലയത്തിന്റെ ഭൗതികാന്തരീക്ഷം മാറ്റിയെടുക്കുക.
- പുതിയതലമുറയിൽ കൃഷിയോടുള്ള താൽപര്യം വളർത്തിയെടുക്കുക.
- ലഹരി വസ്തുക്കളുടെ ഉപയോഗത്തിൽ നിന്ന് കുട്ടികളെ അകറ്റുക. അതിന്റെ ദൂഷ്യഫലങ്ങളെക്കുറിച്ച് അവരെ ബോധവാൻമാരാക്കുക.

- പ്ലാസ്റ്റിക് മുക്ത വിദ്യാലയം എന്ന ലക്ഷ്യം സാധ്യമാക്കുക.
- ജൈവവൈവിധ്യ ഉദ്യാനം, ഔഷധ ഉദ്യാനം എന്നിവ സംരക്ഷിക്കുക, കൂടുതൽ മെച്ചപ്പെടുത്തുക.
- പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് പ്രത്യേക പരിഗണന നൽകി മുഖ്യ ധാരയിലെത്തിക്കുക.
- പുതുതായി റേഡിയോ ക്ലബ്ബ് ആരംഭിക്കുക.
- തുളസീ വനം, മധുര വനം, നക്ഷത്ര വനം എന്നിവ സജീവമാക്കുക. ക്ലബ്ബ് പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുക
- കുട്ടികളുടെ കായിക ശേഷി പരിപോഷിപ്പിക്കുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.

**സഹായം ലഭ്യമാക്കേണ്ട ഏജൻസികൾ**

- SSA
- പഞ്ചായത്ത്
- MLA
- MP

# പദ്ധതികൾ

- ഇംഗ്ലീഷ് മലയാളം എന്നിവയിൽ കുട്ടികളുടെ അസംബ്ലി
- ക്വിസ് മത്സരങ്ങൾ
- റേഡിയോ ക്ലബ്ബ്
- പത്രവാർത്ത തയ്യാറാക്കൽ
- മലയാളത്തിളക്കം
- ഹലോ ഇംഗ്ലീഷ്
- ടൂർ പ്രോഗ്രാം
- കലാകായിക മത്സരങ്ങളിൽ പങ്കെടുക്കൽ
- വിവിധ ക്ലബ്ബ് പ്രവർത്തനങ്ങൾ
- മധുര വനം
- തുളസീ വനം
- നക്ഷത്ര വനം
- എഴുത്ത്പ്പെട്ടി
- ഗതാഗതനിയമങ്ങളെക്കുറിച്ച് കുട്ടികൾ കുട്ടികളെ ബോധവാന്മാരാക്കാൻ സംവിധാനം ഒരുക്കുക

## പാഠ്യാനുബന്ധപ്രവർത്തനങ്ങൾ

- റാലികൾ
- ദിനാചരണങ്ങൾ
- ബോധവൽക്കരണ ക്ലാസുകൾ
- പ്രദർശനങ്ങൾ വിവിധ ക്ലബ്ബ് പ്രവർത്തനങ്ങൾ
- വിവിധ ആഘോഷങ്ങൾ
- ഓണം ക്രിസ്മസ്
- വാർഷികാഘോഷം
- ക്ലാസ് പിടിഎ
- കോർണർ പിടിഎ
- പഠനോത്സവം

# പ്രശ്നങ്ങൾ, വെല്ലുവിളികൾ

1) മുഴുവൻ കുട്ടികൾക്കും പ്രതീക്ഷിത പഠനനേട്ടം ഉറപ്പാക്കാൻ സാധിക്കുന്നില്ല.
2) 10 ശതമാനം കുട്ടികൾക്ക് അടിസ്ഥാനശേഷി കൈവരിക്കാൻ സാധിക്കുന്നില്ല.
3) കളിസ്ഥലത്തിന്റെ അഭാവത്താൽ ശരിയായ കായികക്ഷമത ഉറപ്പുവരുത്താൻ കഴിയുന്നില്ല.
4) ചില കുട്ടികൾക്ക് മലയാളം, ഇംഗ്ലീഷ്, ഹിന്ദി, ഗണിതം എന്നീ വിഷയങ്ങളിൽ നിർദേശിക്കപ്പെട്ട ശേഷികൾ മുഴുവൻ ആർജിക്കാൻ കഴിയുന്നില്ല.
5) ലൈബ്രറിയുടെ പ്രവർത്തനം വേണ്ടത്ര ഫലപ്രദമാവുന്നില്ല.
6) പഠനപ്രവർത്തനങ്ങളുടെ ഭാഗമായി ക്ലബ് പ്രവർത്തനങ്ങൾ മാറുന്നില്ല.
7) ഭൂമിശാസ്ത്രപരമായ ഘടന.
8) ലൈബ്രറിക്ക് വിപുലമായ സൗകര്യമില്ല.
9) പ്രഭാത ഭക്ഷണം കഴിക്കാതെ കുട്ടികൾ സ്കൂളിലെത്തുന്നു.
10) വിദ്യാലയം ഒരു പാഠപുസ്തകം എന്ന അവസ്ഥ പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല.
11) കലാ-കായിക പ്രവൃത്തി പരിചയ സാംസ്കാരിക പരിപാടികൾ ഏകോപിപ്പിക്കുന്നതിനും സഹായിക്കുന്നതിനും സമൂഹത്തിലെ പ്രതിഭകളുടെ സഹായം പ്രയോജനപ്പെടുത്താൻ കഴിയുന്നില്ല.
12) വിദ്യാലയത്തിൻ്റെ അക്കാദമികവും ഭൗതികവുമായ ആവശ്യങ്ങൾ നിറവേറ്റുന്നതിനും പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും സാമൂഹ്യ പങ്കാളിത്തം ഉറപ്പാക്കുന്നില്ല.

# വാർഷിക പ്രവർത്തനങ്ങൾ

i. മലയാളം തെറ്റുകൂടാതെ എഴുതാനും വായിക്കാനും ശീലിക്കുക.

ii. പരിസ്ഥിതി സൗഹാർദമായി ജീവിക്കാനുള്ള പ്രാവീണ്യം നേടിയെടുക്കുക.

iii. ജൈവവൈവിധ്യ പാർക്ക്.

iv. ശാസ്ത്രമേളകളിലും മത്സരങ്ങളിലും കുട്ടികളെ പങ്കെടുപ്പിക്കൽ.

v. ഐസിടി സാധ്യത പ്രയോജനപ്പെടുത്തൽ .

vi. സ്മാർട്ട് ക്ലാസ്സ് റൂം .

vii. ഇംഗ്ലീഷ് മലയാളം എന്നീ ഭാഷകളിലെ വായനയെ പ്രോത്സാഹിപ്പിക്കൽ .

viii. എൽ.എസ്എസ് പരീക്ഷകളിൽ വിജയം കൈവരിക്കാൻ പ്രാപ്തരാക്കൽ.

ix. ഗണിത ലാബ് , സയൻസ് ലാബ്,ലൈബ്രറിഎന്നിവ സജീവമാക്കുക.

x. ക്ലാസ് മുറികളുടെ എണ്ണം കൂട്ടുക.

xi. മുറ്റം ഓഡിറ്റോറിയമാക്കുവാൻ വേണ്ടി സ്റ്റേജ് കെട്ടുക.

xii. ബാക്കിയുള്ള രണ്ട് ക്ലാസ് മുറികളും എൽ .കെ .ജി -യു. കെ.ജി ഇവ ഹൈടെക് ആക്കുക.

xiii. കുട്ടികൾക്ക് കളിക്കുന്നതിന് കളിസ്ഥലം (നിലവിൽ ഈ സ്കൂളിന് സ്വന്തമായി കളി സ്ഥലമില്ല )

xiv. പ്രീ പ്രൈമറി കുട്ടികളുടെ കായികശേഷി പരിപോഷിപ്പിക്കുന്നതിന് ലെറ്റ്സ് പ്ലേ പ്രൈമറി ഗോ നടപ്പാക്കുക.

xv. യോഗ പരിശീലനം.

xvi. കരാട്ടെ പരിശീലനം.

xvii. പുതുതായി റേഡിയോ ക്ലബ്ബ് ആരംഭിക്കുക.ക്ലാസ് റൂമിലെല്ലാം സ്പീക്കർ സംവിധാനം ആരംഭിക്കുക.

xviii. തുളസീവനം, മധുരവനം, നക്ഷത്രവനം എന്നിവ സജീവമാക്കുക.

xix. എഴുത്തുപെട്ടി നടപ്പാക്കുക.

xx. സ്വീറ്റ് ഇംഗ്ലീഷ് നടപ്പാക്കുക.

xxi. സ്കൂൾ കമാനം ഒരുക്കലും ബോർഡ് സ്ഥാപിക്കലും.

xxii. പച്ചപ്പന്തൽ ഒരുക്കുക.

xxiii. സ്കൂളിൽ ഉച്ചഭക്ഷണ പരിപാടി വളരെ വിപുലമായി നടത്തുന്നതിനെ ഒരു പച്ചക്കറിത്തോട്ടം ആവശ്യമാണ്. കൃഷി വകുപ്പിന്റെ സഹായത്താൽ വിത്തും,തൈകളും ലഭ്യമാക്കി ഫലപ്രദമായി കൃഷി ചെയ്യുന്നു.

xxiv. മദ്യം,ലഹരിവസ്തുക്കൾ തുടങ്ങിയവ ഉപയോഗിച്ചാലുള്ള ദൂഷ്യവശങ്ങൾ എന്താണെന്ന് മനസ്സിലാക്കാൻ ബോധവൽക്കരണ ക്ലാസുകൾ നടത്തുന്നു.

xxv. നല്ലപാഠം ക്ലബ്ബ്, ശുചിത്വക്ലബ്ബ്, ഹരിത ക്ലബ്ബ്, ഗാന്ധിദർശൻ ക്ലബ്ബ്, ഗണിത ക്ലബ്ബ്,സയൻസ് ക്ലബ്ബ്, എനർജി മാനേജ്മെന്റ് ക്ലബ്ബ്, വിദ്യാരംഗം ക്ലബ്ബ് ,ഇംഗ്ലീഷ് ക്ലബ്ബ് എന്നിവയുടെ പ്രവർത്തനത്തിൽ കുട്ടികളെ നേതൃത്വ നിരയിൽ കൊണ്ടുവരാൻ വേണ്ട പ്രവർത്തനങ്ങൾ ചെയ്യുക.

# മലയാളം

## മേഖലകൾ /ലക്ഷ്യങ്ങൾ

- വായന- മലയാളം വായിക്കാൻ പ്രാപ്തരാക്കുക.
- ലേഖനം-തെറ്റ് കൂടാതെ എഴുതുക.
- ഭാഷാ ബോധം - അക്ഷരക്കളരി

  പദപ്പയറ്റ് തുടങ്ങിയ മത്സരങ്ങളിലൂടെ കുട്ടികളിൽ

  ഭാഷാബോധംവളർത്തുക.
- വായനയെ ഗൗരവത്തോടെ കാണുന്നു- ആനുകാലിക

  പ്രസിദ്ധീകരണങ്ങളിലൂടെ, പത്രങ്ങളിലൂടെ വായന
- നിർമ്മാണം - സ്കൂൾ തലങ്ങളിൽ മാഗസിനുകൾ നിർമ്മിക്കുന്നു.

  സ്കൂൾ പത്രം

  സംയുക്ത ഡയറി

  സചിത്ര പുസ്തകം

  സംയുക്ത പത്രം

# ഇംഗ്ലീഷ്

## ലക്ഷ്യങ്ങൾ

- ഇംഗ്ലീഷിൽ കുട്ടികൾക്ക് എഴുതുന്നതിനും വായിക്കുന്നതിനുള്ള കഴിവ് നേടിയെടുക്കൽ
- ഇംഗ്ലീഷ് അസംബ്ലി നടത്തൽ
- ആഴ്ചയിൽ ഒരു ദിവസം ഇംഗ്ലീഷ് പ്രസംഗം കവിത അവതരിപ്പിക്കുന്നതിനുള്ള ഇംഗ്ലീഷ് ഡേ ആചരിക്കൽ
- കുട്ടികളെ നിത്യജീവിതത്തിൽ ഇംഗ്ലീഷ് ഭാഷ അനായാസം കൈകാര്യം ചെയ്യാൻ പ്രാപ്തരാക്കുക.
- പ്ലക്കാർഡിലൂടെയും ചാർട്ടിലൂടെയും അക്ഷരങ്ങൾ പഠിപ്പിക്കൽ
- ഹലോ ഇംഗ്ലീഷ്, E ക്യൂബ് ഇംഗ്ലീഷ് എന്നിവ നടപ്പാക്കൽ
- Addressing slow pace learners.
- Word study using computers
- Language lab

# പരിസരപഠനം

## ലക്ഷ്യം

- കൗതുകം ജിജ്ഞാസ നിരീക്ഷണപാഠം എന്നിവ പരിപോഷിപ്പിക്കുക.
- പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുക .
- വ്യക്തി ശുചിത്വവും സാമൂഹ്യ ശുചിത്വവും പാലിച്ചുകൊണ്ട് ശാരീരിക മാനസിക സാമൂഹിക ആരോഗ്യം കൈവരിക്കൽ.
- പ്രകൃതിയിലുള്ള മനുഷ്യന്റെ ഇടപെടലുകൾ വിവേകപൂർണമാക്കുക .
- ICT സാധ്യത പ്രയോജനപ്പെടുത്തുക.
- പരിസരപഠനം ക്ലബ്ബ് പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ഫലപ്രദമായി നടപ്പാക്കുക.
- കൗതുകം, ജിജ്ഞാസ, നിരീക്ഷണ പാടവം എന്നിവ പരിപോഷിപ്പിക്കുക
- ഹരിതവിദ്യാലയം.

# ഗണിതം

## ലക്ഷ്യം

- ദൈനംദിന ജീവിത പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഗണിതത്തെ ഉപയോഗപ്പെടുത്തുന്നതിന് സഹായകമാകണം
- ഗണിതമാസ്വദിക്കാൻ കഴിയുന്ന തരത്തിലേക്ക് കുട്ടികളെ വളർത്തുവാൻ കഴിയുന്നതാകണം
- ഗവേഷണ പ്രവർത്തനങ്ങൾക്ക് താല്പര്യമുണ്ടാക്കുന്ന തരത്തിലാകണം
- സർഗാത്മക ചിന്ത വളർത്താൻ സഹായകരമാകണം
- ഗണിത പഠനത്തിൽ ഐസിടി സാധ്യതകൾ ഉപയോഗിക്കാൻ കഴിയുന്ന തരത്തിൽ ആകണം.
- ഗണിതക്രിയകളിൽ താല്പര്യം ഉണ്ടാക്കുന്ന തരത്തിൽ കുട്ടികളെ എത്തിക്കൽ.
- യുക്തിചിന്ത വികസിപ്പിക്കുന്നതിനുള്ള ഗണിതക്രിയകൾ

# ഉപസംഹാരം

ഗവ.എൽ .പി .എസ് .പരുത്തിക്കുഴിയിലെ അക്കാഡമിക് മാസ്റ്റർ പ്ലാനിൽ പറഞ്ഞിരിക്കുന്ന ഓരോ കാര്യവും സ്കൂളിൽ നടപ്പാക്കുമെന്നും ,ഈ സ്കൂളിൽ നിന്നും ഒരു കുട്ടി പോലും അക്ഷരം അറിയാതെ പുറത്തു പോകില്ലെന്നും ഈ സ്കൂളിലെ എല്ലാ അധ്യാപകരും ഉറപ്പ് നൽകുന്നു.

അക്കാദമിക മാസ്റ്റർ പ്ലാൻ

വിഷയാടിസ്ഥാനത്തിലുള്ള വിവരശേഖരണം -മേഖല: മലയാളം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | സാമ്പത്തികം | ചുമതല |
|---|---|---|---|---|
| പഠനത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികളെ മെച്ചപ്പെടുത്തൽ | മലയാളത്തിളക്കം ,ശ്രദ്ധ പ്രവർത്തനങ്ങൾ, അക്ഷരങ്ങൾ ഉറപ്പിക്കൽ ,ചിഹ്നം ഉറപ്പിക്കൽ, വായന കാർഡ് നിർമ്മാണം ,ചിത്രം കണ്ട് കഥ പറയൽ, പദസൂര്യൻ, ആശയ ഭൂപടം ,അക്ഷരങ്ങളും അടയാളങ്ങളും പറക്കി വച്ച് വാക്കുണ്ടാക്കൽ, നിശ്ചിത അക്ഷരം വരുന്ന വാക്കുകൾകണ്ടെത്തൽ | | | അധ്യാപകർ, മലയാള അധ്യാപകർ |
| വായനാശീലം | വായനാമൂല,അമ്മവായന, വായനാവാരം,ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി, പത്രവായന | | | അധ്യാപകർ |
| സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് | കഥകൾ കവിതകൾ എന്നിവ കുട്ടികൾ ഒഴിവുസമയങ്ങളിൽ കേൾക്കുന്നതിനും കേട്ട് ആസ്വദിക്കുന്നതിനും ഓരോ ക്ലാസിലും ഓരോ സ്പീക്കറുകൾ സ്ഥാപിച്ച് സ്കൂൾ റേഡിയോ ക്ലബ്ബ് ആരംഭിക്കുന്നു.ഈ പ്രവർത്തനം നിരന്തരമായി ചെയ്യുന്നതിലൂടെ കുട്ടികൾ സ്വന്തമായി കഥകൾ കവിതകൾ എഴുതുന്നതിനുള്ള ശേഷി ഉണ്ടാകുന്നു. ഓരോ ദിവസവും ഓരോ ക്ലാസിന് ചുമതല നൽകുന്നു. | | | അധ്യാപകർ ,പിടിഎ |
| ക്ലാസ് ലൈബ്രറി നവീകരണം | അധ്യാപകരുടെയും കുട്ടികളുടെയും സഹായത്താൽ ലൈബ്രറി സജ്ജീകരണം. കുട്ടി ലൈബ്രറിയെ തിരഞ്ഞെടുക്കൽ | | | അധ്യാപകർ ,പിടിഎ |

**വിഷയാടിസ്ഥാനത്തിലുള്ള വിവരശേഖരണം -മേഖല:English**

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | സാമ്പത്തികം | ചുമതല |
|---|---|---|---|---|
| കുട്ടികളെ വായനക്കാർ ആക്കുക | Newspaper reading, class library, day celebration, English club | | | അധ്യാപകർ |
| ICT സാധ്യത പരിചയപ്പെടാം | പാഠഭാഗവുമായി ബന്ധപ്പെട്ട drama, action song, word web, poem, story ... തുടങ്ങിയവ പ്രദർശിപ്പിക്കൽ | | | അധ്യാപകർ |
| കുട്ടികൾക്ക് ഇംഗ്ലീഷ് വായിക്കാനും എഴുതാനുമുള്ള കഴിവ് നേടിയെടുക്കാൻ. | അക്ഷരം ഉറപ്പിക്കൽ<br>അക്ഷര കാർഡ് നൽകൽ<br>വാക്കുകൾ എഴുതിയ കാർഡ് നൽകൽ<br>അടിക്കുറിപ്പ് തയ്യാറാക്കൽ<br>ഇംഗ്ലീഷ് അസംബ്ലി സംഘടിപ്പിക്കൽ<br>നാടക അവതരണം. | | | അധ്യാപകർ |
| Language lab | ICT facilites.<br>Video clippings<br>Readers theatre<br>Formation of english club.<br>English assembly. | | | അധ്യാപകർ |
| Addressing slow pace learners. | TM and TLM addressing the slow pace learners.<br>Special coaching classes for slow pace learners.<br>Conducting action research on slow pace learners. | | | അധ്യാപകർ |
| Word study using computers | Spelling contests making cross word puzzles.<br>Dictionary making using the words of the text book.<br>Deffective sentence pattern.<br>Making sentence cards.<br>Correct sentence structure with ICT facilities.<br>Writing with ICT facilities Peer group learning | | | അധ്യാപകർ |

**വിഷയാടിസ്ഥാനത്തിലുള്ള വിവരശേഖരണം -മേഖല.:പരിസരപഠനം**

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | സാമ്പത്തികം | ചുമതല |
|---|---|---|---|---|
| കുട്ടിയെ മികച്ച<br>എഴുത്തുകാരാക്കുക | ചിത്രങ്ങളിലൂടെയും വസ്തുക്കളിലൂടെയും അക്ഷരങ്ങൾ<br>പഠിപ്പിക്കുന്നു.<br>പരിസരത്തു നിന്നും പഠിക്കൽ<br>പതിപ്പ് തയ്യാറാക്കാം .<br>ചരിത്രം തിരിച്ചറിയൽ. | | | അധ്യാപകർ |
| ICT സാധ്യതകൾ<br>പ്രയോജനപ്പെടുത്തൽ | ഓഡിയോ വീഡിയോ സംവിധാനം ഉപയോഗിച്ച്<br>കുട്ടികളിൽ പുതു അനുഭവങ്ങൾ സൃഷ്ടിക്കൽ | | | അധ്യാപകർ |
| വ്യക്തി ശുചിത്വവും സാമൂഹിക<br>ശുചിത്വവും പാലിച്ച്<br>ശാരീരിക മാനസിക<br>സാമൂഹിക ആരോഗ്യം<br>കൈവരിക്കാൻ സഹായിക്കുക. | കൊതുക് ഈച്ച എലി ഇവ വർദ്ധിക്കുന്ന സാഹചര്യം<br>തിരിച്ചറിഞ്ഞ് രേഖപ്പെടുത്തൽ.<br>കൊതുക് നശീകരണ പ്രവർത്തനങ്ങളിൽ ഏർപ്പെടൽ.<br>ശുചിത്വ ശീലത്തിന്റെ പ്രാധാന്യം മനസ്സിലാക്കുന്നതിന്<br>വേണ്ടി പ്ലക്കാർഡുകൾ പോസ്റ്ററുകൾ നിർമ്മിക്കൽ. | | | അധ്യാപകർ |
| കൗതുകം, ജിജ്ഞാസ,<br>നിരീക്ഷണ പാടവം എന്നിവ<br>പരിപോഷിപ്പിക്കുക | ചുറ്റുപാടുമുള്ള സസ്യങ്ങളെ നിരീക്ഷിച്ച് പ്രത്യേകതകൾ<br>കണ്ടെത്തി തരംതിരിക്കുന്നു.<br>ചുറ്റുപാടുമുള്ള സസ്യങ്ങളിലെ ഇലകളുടെ ആകൃതിയും മണം<br>എന്നിവ നിരീക്ഷിച്ച് സസ്യങ്ങളെ തരംതിരിക്കുക.<br>പരിസരം നിരീക്ഷിച്ച് ജീവനുള്ളവയും, ജീവനില്ലാത്തവയും<br>തരംതിരിക്കൽ. | | | അധ്യാപകർ |
| ക്ലബ്ബ് പ്രവർത്തനങ്ങൾ | പരിസരപഠനം ക്ലബ്ബ് പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട്<br>ഫലപ്രദമായി നടപ്പാക്കുക.<br>മധുരവനം, തുളസിവനം, നക്ഷത്രവനം, ശുചിത്വ ക്ലബ്ബ്,<br>എനർജി മാനേജ്മെന്റ് ക്ലബ്ബ്, നെൽപ്പാടം, മില്ലറ്റ് | | | അധ്യാപകർ ,പിടിഎ |

| | | | | |
|---|---|---|---|---|
| | ഗാർഡൻ, പച്ചക്കറി കൃഷി, തുടങ്ങിയവ സജീവമായി തുടർന്നും നടപ്പാക്കുക. | | | |
| ഹരിതവിദ്യാലയം | വിദ്യാലയം ഹരിത വിദ്യാലയമായി നിലനിർത്താൻ വേണ്ട നടപടികൾ സ്വീകരിക്കുക.<br>ഡ്രൈ ഡേ ആചരിക്കൽ.<br>ഹരിത പെരുമാറ്റ ചട്ടം നടപ്പിലാക്കൽ.<br>വ്യത്യസ്ത മരങ്ങൾ വെച്ച് പിടിപ്പിക്കൽ.<br>സ്കൂൾ ഗാർഡൻ വികസിപ്പിക്കൽ.<br>മില്ലറ്റ് തോട്ടം നിർമ്മിക്കൽ.<br>നെൽവയൽ നിർമ്മാണം. | | | അധ്യാപകർ ,പിടിഎ |

**വിഷയാടിസ്ഥാനത്തിലുള്ള വിവരശേഖരണം -മേഖല:ഗണിതം**

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | സാമ്പത്തികം | ചുമതല |
|---|---|---|---|---|
| ഗണിതം ആസ്വദിക്കാൻ കഴിയുന്ന തരത്തിലേക്ക് കുട്ടികളെ വളർത്തിയെടുക്കൽ | കുസൃതി കണക്കുകൾ<br>ഗണിതരൂപങ്ങൾ നിർമ്മിക്കുന്നു .<br>ചിത്ര ഗണിതം , ജിയോ ബോർഡ്<br>നിധി വേട്ട<br>സംഖ്യാ ചിത്രം നിർമ്മാണം<br>സംഖ്യ പാട്ട് ,കടങ്കഥ<br>സംഖ്യാ പാറ്റേൺ | | | BRC |
| ഗണിതക്രിയകളിൽ താല്പര്യം ഉണ്ടാക്കുന്ന തരത്തിൽ കുട്ടികളെ എത്തിക്കൽ | പരിസരവുമായി ബന്ധപ്പെട്ട ശരാശരി കണക്കാക്കുന്നതിന്<br>നിത്യ ജീവിതവുമായി ബന്ധപ്പെട്ട ഗണിത പ്രശ്നങ്ങൾ .<br>രണ്ട് ഒറ്റ സംഖ്യക്ക് ഇടയ്ക്കുള്ള സംഖ്യയുടെ പ്രത്യേകത. | | | അധ്യാപകർ |
| സർഗാത്മ ചിന്ത വളർത്താൻ സഹായിക്കുന്ന തരത്തിൽ ഗണിത അവതരണം | സംഖ്യാ ഗാനം<br>ചിത്രഗണിതം<br>ചുറ്റുപാടിലെ ദൃശ്യങ്ങളിൽ നിന്ന് രൂപങ്ങൾ<br>മനസ്സിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ.<br>ജ്യാമീതീയ രൂപങ്ങൾ വരയ്ക്കാനും നിർമിക്കാനും .<br>ഗണിത രൂപങ്ങൾ ഉപയോഗിച്ചുള്ള ചിത്രരചന. | | | അധ്യാപകർ |
| യുക്തിചിന്ത വികസിപ്പിക്കുന്നതിനുള്ള ഗണിതക്രിയകൾ | നിത്യ ജീവിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ<br>കുസൃതി കണക്കുകൾ<br>ഞാനാര് കണ്ടുപിടിക്കു<br>പസിൽ<br>മാന്ത്രിക ചതുരം<br>സംഖ്യ മാല<br>സംഖ്യാ പാറ്റേൺ | | | അധ്യാപകർ |

| | | | | |
|---|---|---|---|---|
| ദൈനംദിന ജീവിത പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഗണിതത്തെ ഉപയോഗപ്പെടുത്തുന്നു. | സംഖ്യാബോധം ഉറപ്പിക്കൽ<br>പഠന ഉപകരണങ്ങളുടെയും ചിത്രങ്ങളുടെയും സഹായത്താൽ സംഖ്യാബോധം ഉറപ്പിക്കൽ.<br>പരിസര നിരീക്ഷണത്തിലൂടെ സംഖ്യാബോധം ഉറപ്പിക്കൽ.<br>സംഖ്യ പറ്റേൺ<br>നാണയങ്ങൾ<br>സ്ഥാന വില പോക്കറ്റ് അളവുകൾ<br>മാന്ത്രികചതുരം<br>ഗണിത കിറ്റുകൾ<br>കളിനോട്ടുകൾ<br>ലഘുപസിലുകൾ<br>മഞ്ചാടി മുത്തുകൾ ഉപയോഗിച്ചുള്ള പ്രവർത്തനം.<br>ഏണിയും പാമ്പും<br>അബാക്കസ്<br>വർക്ക് ഷീറ്റുകൾ<br>പോർട്ട് പോളിയോ | | | അധ്യാപകർ |